(എ) ഒന്നാം ക്ലാസ്സു മുതൽ എട്ടാം ക്ലാസ്സു വരെ പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് 1983-84, 1984-85 1985-86 വർഷങ്ങളിൽ അനുവദിച്ച സ്കോളർഷിപ്പിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) 1985-86 ലെ വികലാംഗ വിദ്യാർത്ഥി സ്കോളർഷിപ്പ് മലപ്പുറം ജില്ലയിൽ ഇതുവരെ വിതരണം ചെയ്തിട്ടില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സ്കോളർഷിപ്പ് ഉടനെ വിതരണം ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ഉണ്ട്.

(സി) നടപടികളെടുത്തുവരുന്നു.

വികലാംഗരായ സ്കൂൾ കുട്ടികൾക്കുള്ള സ്റ്റൈപ്പൻഡ് ഗവൺമെന്റ് സ്കോളർഷിപ്പ്

1873 [2916] ശ്രീ. ടി. കെ. ആറുമുഖൻ :
വി. ജെ. തങ്കപ്പൻ :
ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 1 മുതൽ 7 വരെയുള്ള ക്ലാസുകളിലെ വികലാംഗരായ സ്കൂൾ കുട്ടികൾക്ക് സ്റ്റൈപ്പൻഡ് ഗവൺമെന്റ് സ്കോളർഷിപ്പ് ഏതു വർഷം വരെ നൽകിയിട്ടുണ്ട് ;

(ബി) ഇനി ഏതെല്ലാം വർഷങ്ങളിലെ സ്കോളർഷിപ്പ് നൽകാനുണ്ട്. നൽകാത്തതിനുള്ള കാരണമെന്ത് ;

(സി) പ്രസ്തുത സ്കോളർഷിപ്പ് തുക എന്നത്തേയ്ക്ക് നൽകാൻ കഴിയും ;

(ഡി) 8-ാം ക്ലാസ് മുതലുള്ള കേന്ദ്ര ഗവൺമെന്റ് സ്കോളർഷിപ്പ് ഏതുവർഷം വരെ കൊടുത്തിട്ടുണ്ട് ;

(ഇ) ആരുടെയെങ്കിലും അപേക്ഷയിൻമേൽ ഇനിയും തീർപ്പ് കൽപ്പിക്കാനുണ്ടോ ;

(എഫ്) എങ്കിൽ എത്ര പേരുടെ ?

ഉത്തരം

(എ) 8-ാം ക്ലാസുവരെയുള്ള വികലാംഗരായ കുട്ടികൾക്കുള്ള സ്റ്റൈപ്പൻഡ് ഗവൺമെന്റ് സ്കോളർഷിപ്പ് 1983-84 വർഷം വരെ നൽകിയിട്ടുണ്ട്.

† അനുബന്ധം—VII

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1984–85–ലെ സ"കോളർഷിപ്പ് ഭാഗികമായി മാത്രമേ വിതരണം ചെയ"തിട്ടുള്ളു. 1985–86, 1986–87 എന്നീ വർഷങ്ങളിലെ സ"കോളർഷിപ്പും നൽകാനുണ്ട്. ആവശ്യമായ തുക ലഭ്യമല്ലാതിരുന്നതുകൊണ്ടാണ" സ"കോളർഷിപ്പ് നൽകാൻ സാധിക്കാതെ വന്നത".

(സി) സ"കോളർഷിപ്പ് നൽകുന്നതിനുള്ള തുക ലഭ്യമാക്കുന്നതിന് നടപടികളെടുത്തുവരുന്നു.

(സി) 9–ാം ക്ലാസുമുതലുള്ള വികലാംഗരായ വിദ്യാർത"ഥികൾക്കുള്ള കേന്ദ്ര ഗവൺമെൻറ് സ"കോളർഷിപ്പ് കഴിഞ്ഞ വർഷം വരെ പൂർണ്ണമായും നൽകിയിട്ടുണ്ട്. ഈ വർഷത്തെ സ"കോളർഷിപ്പ് വിതരണം ചെയ"തു വരുന്നു.

(ഇ) ഉണ്ട്.

(എഫ്) 500 പേരുടെ

വികലാംഗരായ സർക്കാർ ജീവനക്കാരുടെ യാത്രാ അലവൻസ്

1874 [2917] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗരായ സർക്കാർ ജീവനക്കാർക്ക് അനുവദിച്ച യാത്രാ അലവൻസ് ഇപ്പോഴും ലഭിക്കുന്നില്ലെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ദീർഘകാല വായ"പ

1875 [2921] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭൂപണയ ബാങ്കുകൾ കാർഷിക വികസന ബാങ്കുകളായി മാറിയതിനുശേഷം 1982–83, 1983–84, 1984–85, 1985–86, 1986–87 എന്നീ ഓരോ വർഷവും എത്ര രൂപ വീതം ദീർഘകാല വായ"പയായി വിതരണം ചെയ"തിട്ടുണ്ട് ?

ഉത്തരം

കേരളാ സഹകരണ കേന്ദ്ര ഭൂപണയ ബാങ്ക് കാർഷിക വികസന ബാങ്കായി മാറിയത് 20-8-1985-ൽ മാത്രമാണ". 1985–86, 1986–87 എന്നീ കാലഘട്ടങ്ങളിൽ വിതരണം ചെയ"തിട്ടുള്ള ദീർഘകാലവായ"പയുടെ വിവരം ഇപ്രകാരമാണ് :

വർഷം	സാധാരണവായ"പ (രൂപ) ലക്ഷത്തിൽ	പദ്ധതിവായ"പ (രൂപ) ലക്ഷത്തിൽ	ആകെ (രൂപ) ലക്ഷത്തിൽ
1985–86	1953.83	2148.27	4102.10
1986–87 സെപ്റ്റംബർ 1986 വരെ	366.38	303.54	669.92

LIBRARY ARCHIVES Kerala Legislative Assembly